പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *276 — 13-03-2018-ലെ മറുപടിയ്ക്ക്

# രാസവളം വിൽക്കുന്നതിന് ഡയറക്ട് ബെനഫിഷ്യറി ട്രാൻസ്ഫർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.അൻവർ സാദത്ത്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കർഷകർക്ക് രാസവളം വിൽക്കുന്നതിന് കേന്ദ്ര സർക്കാർ ഡി.ബി.റ്റി. (ഡയറക്ട് ബെനഫിഷ്യറി ട്രാൻസ്ഫർ) ഏർപ്പെടുത്തിയിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** ഇത് ഏർപ്പെടുത്തിയതിനാൽ യൂറിയ, പൊട്ടാഷ് തുടങ്ങിയ രാസവളങ്ങൾക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി)** രാസവളങ്ങൾക്ക് ക്ഷാമം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. |
| **സി)** ഡി.ബി.റ്റി. യും പി.ഒ.എസ്. മെഷിനും ഉള്ള സ്ഥാപനങ്ങളിൽ മാത്രമേ വളം വിതരണം ചെയ്യുവാൻ വളം കമ്പനികൾക്ക് കഴിയൂ എന്നതിനാൽ ഡീലർമാർക്ക് വളം ലഭിക്കാത്ത | **സി)** 2198 ഡീലർമാർക്ക് പി.ഒ.എസ്. മെഷീൻ നൽകി പരിശീലനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 675 ഡീലർമാർക്ക് പി.ഒ.എസ്. മെഷീൻ നൽകുന്നതിന് ലീഡ് സപ്ലൈയർ ആയ എഫ്.എ.സി.റ്റി (FACT) യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.ഒ.എസ്. മെഷീൻ ഉള്ള |

അവസ്ഥ ഉണ്ടായിട്ടുണ്ടോ;

ഡീലർമാർക്ക് മാത്രമേ കമ്പനികൾ സബ്സിഡി വളം നൽകുകയുള്ളൂ. പി.ഒ.എസ്. മെഷീൻ ലഭിച്ച ഡീലർമാർക്ക് വളം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടില്ല.

ഡി) പി. ഒ. എസ്. മെഷീൻ കർഷകരുടെ ആധാർ നമ്പരുമായി ബന്ധിപ്പിച്ച ശേഷം മാത്രമേ സബ്സിഡി വളം വാങ്ങുവാൻ കഴിയുവെന്ന സാഹചര്യം കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി അവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി) സബ്സിഡി രാസവളങ്ങൾ യഥാർത്ഥ കർഷകന് ലഭിക്കുന്നു എന്നത് ഉറപ്പ് വരുത്തുന്നതിനും അവ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും/ ദുരുപയോഗപ്പെടുത്തുന്നതും തടയുന്നതിനും വേണ്ടിയാണ് കേന്ദ്രസർക്കാർ കർഷകന്റെ ആധാർ നമ്പർ പി. ഒ. എസ്. മെഷിനിൽ രേഖപ്പെടുത്തി സബ്സിഡി രാസവളം വിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയത്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പുതിയ വിതരണസംവിധാനത്തിൽ കർഷകർക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**